ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്
# ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ
സംസ്ഥാന കമ്മറ്റി, തിരുവനന്തപുരം – 01
അഫിലിയേറ്റഡ് - ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻ
ഇ.ജെ.ഫ്രാൻസിസ് സ്മാരകം, പ്രസ്സ് ക്ലബ്ബിന് സമീപം, തിരുവനന്തപുരം-1
ഇ-മെയിൽ: itdiokerala@gmail.com

ജയൻ പി.ആർ
പ്രസിഡണ്ട്
മൊബൈൽ: +91 62827 21293

ആന്റണി ജോസഫ്
ജനറൽ സെക്രട്ടറി
മൊബൈൽ: +91 9744 996 141

നമ്പർ: ITDIO/44/24 തീയതി: 28/10/24

To,

ബഹു. ട്രെയിനിംഗ് ഡയറക്ടർ
ഡയറക്ടറേറ്റ് ഓഫ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്

**വിഷയം : പൊതുമാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് വകുപ്പിലെ ഓൺലൈൻ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച്**

**സൂചന :-**

1. 25/02/2027 തീയതിയിലെ സ.ഉ നം.03/2017/ ഉ.ഭ.പ.വ.
2. ആൻറണി ജോസഫ് സർക്കാരിലേക്ക് സമർപ്പിച്ച 28/02/2022 തീയതിയിലെ നിവേദനം
3. OA നം. 407/2022 ൻ മേലുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 15/03/2022 ലെ വിധി ന്യായം.
4. ട്രെയിനിങ് ഡയറക്ടറുടെ പൊതു സ്ഥലംമാറ്റ ഉത്തരവ് നമ്പർ DT/3548/2022-A2 dated 31/08/2022
5. DT/3898/2023-A6 dated 14/08/2023 നമ്പർ പ്രകാരമുള്ള വിവരാവകാശം
6. 2023 ഓൺലൈൻ ജനറൽ ട്രാൻസ്ഫർ വിജ്ഞാപനം നമ്പർ DT/488/2022-A2 dated 24/07/2023
7. 2023 ഓൺലൈൻ ജനറൽ ട്രാൻസ്ഫർ ഉത്തരവ് നമ്പർ DT/488/2022-A2 dated 09/10/2023
8. 2024 ഓൺലൈൻ ജനൽ ട്രാൻസ്ഫർ വിജ്ഞാപനം നമ്പർ DT/2314/2024-A2 dated 01/08/2024
9. 2022,2023,2024 വർഷത്തെ പൊതു സ്ഥലംമാറ്റ കരട് പട്ടികകൾ

സർ,

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഇൻഡസ്ട്രിയൽ ട്രെയിനിങ് ഡിപ്പാർട്ട്മെൻറ് ഇൻസ്ട്രക്ടേഴ്സ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറിയും കട്ടപ്പന ഗവൺമെൻറ് ഐടിഐ യിലെ സീനിയർ ഇൻസ്ട്രക്ടറും ആയ ആൻറണി ജോസഫ് സമർപ്പിച്ച OA 407/ 2022 നമ്പർ ഹർജി പ്രകാരം 2022 സെപ്റ്റംബർ ഒന്നു മുതൽ വ്യാവസായിക പരിശീലന വകുപ്പിൽ

നിർബന്ധമായും ഓൺലൈൻ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കണമെന്ന വിധിന്യായം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുമല്ലോ. എന്നാൽ 01/9/2022 ന് ശേഷം വകുപ്പിൽ വന്ന മൂന്ന് പൊതു സ്ഥലംമാറ്റ വിജ്ഞാപനത്തിലും, കരട് പട്ടികയിലും, പൊതുസ്ഥലംമാറ്റ ഉത്തരവിലും ഗുരുതരമായ അനാസ്ഥയും കോടതി വിധി പൂർണ്ണമായും പാലിക്കപ്പെട്ടാത്ത അവസ്ഥയും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 01/09/2022 ശേഷം വകുപ്പിൽ വന്ന പൊതുസ്ഥലമാറ്റ ഉത്തരവ് DT/3548/2022-A2 dated 31/08/2022-ൽ ഓൺലൈൻ ആയി പൊതു സ്ഥലംമാറ്റ അപേക്ഷ ക്ഷണിക്കുകയും എന്നാൽ ചട്ടവിരുദ്ധമായി പല തസ്തികകളിലും മാനുവൽ ആയി ആണ് കരട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്.

2. പ്രിൻസിപ്പാൾ ക്ലാസ്-2 തസ്തികയിലും ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലും സമാനമായ രീതിയിൽ ആണ് കരട് പ്രസിദ്ധീകരിച്ചട്ടുള്ളത്. ഇത് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയും കേരള സർക്കാർ ഉത്തരുവുകൾക്കും എതിരാണ്.ആയത് വ്യക്തമാക്കുന്ന DT/3898/2022 dated 14/08/2023 പ്രകാരം ലഭിച്ച വിവരാവകാശം ഇതോടൊപ്പം സമർപ്പിക്കുന്നു.

3. DT/488/2022-A2 dated 24/07/2023 പ്രകാരം 2023ൽ വിളിച്ച ജനറൽ ട്രാൻസ്ഫർ വിജ്ഞാപനത്തിൽ 07/08/2023-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുമെന്നും 23/08/2023 ന് അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് വീണ്ടും ജൂനിയർ ഇൻസ്ട്രക്ടർ കേഡറുകളിലെ പൊതുസ്ഥലമാറ്റത്തിനുള്ള സമയക്രമം ദീർഘിപ്പിക്കുകയും ടി കേഡറുകളിൽ കരട് പ്രസിദ്ധീകരിക്കുന്ന തീയതി 10/08/2023 ആയും അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്ന തീയതി 25/08/2023 ആയും ഭേദഗതി ചെയ്യുകയും ചെയ്തു.ശേഷം 04/09/2023 ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും 09/10/2023 ന് അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുകയും ചെയ്തു.ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഉത്തരവ് നമ്പർ 03/2017/ഉ ഭ പ വ dated 25/02/2017 പ്രകാരം നോൺ വൊക്കേഷൻ വകുപ്പുകളിൽ ഏപ്രിൽ 30ന് മുൻപും വൊക്കേഷൻ വകുപ്പുകളിൽ ഓഗസ്റ്റ് 31ന് മുൻപും പൊതുസ്ഥലമാറ്റം പൂർത്തീകരിക്കണമെന്ന് ഉത്തരവ് നടപ്പിലാക്കാൻ വകുപ്പിന് നാളിതുവരെയായി സാധിച്ചിട്ടില്ല.

4. DT/2314/2024-A2 dated 01/08/2024 പ്രകാരം 2024 വർഷത്തെ ജനറൽ ട്രാൻസ്ഫർ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിൻപ്രകാരം കരട് പട്ടിക 31/08/2024 നും അന്തിമ ഉത്തരവ് 23/09/2024 നും പ്രസിദ്ധീകരിക്കുമെന്ന് പരാമർശിക്കുകയുണ്ടായി. എന്നാൽ 07/10/2024 നാണ് കരട് പട്ടിക പ്രസിദ്ധീകരിച്ചത്. നാളിതുവരെ അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കാനും വകുപ്പിന് സാധിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ 03/2017/ഉ ഭ പ വ dated 25/02/2017 പ്രകാരം തുടർച്ചയായ രണ്ടാമത്തെ പൊതു സ്ഥലമാറ്റത്തിലും ഈ ഉത്തരവ് നടപ്പിലാക്കുന്നതിൽ വകുപ്പ് ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്.

5. ഓൺലൈൻ ജനറൽ ട്രാൻസ്ഫറിന് ശേഷം വകുപ്പിലെ എല്ലാ കേഡറുകളിലും ക്യൂ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കണം എന്നും അടുത്ത പൊതു സ്ഥലംമാറ്റം വരുന്നത് വരെയുള്ള എല്ലാ സ്ഥലം മാറ്റങ്ങളും ഈ ക്യൂ ലിസ്റ്റിൽ നിന്ന് മാത്രം നടപ്പിലാക്കണം എന്നുള്ള സർക്കാർ / കോടതി ഉത്തരവുകളും ഇവിടെ ലംഘിക്കപ്പെട്ടു.
   നാളിതുവരെ വകുപ്പിൽ ക്യൂ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ അതിനുള്ള ശ്രമങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധിന്യായം OA 407/2022 dated 15/03/2022 പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പ് പ്രസിദ്ധീകരിച്ച 842/2022/LBR dated 16/07/2022 പ്രകാരമുള്ള ഉത്തരവ് കൃത്യമായി പാലിക്കുന്നതിലും വകുപ്പ് വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

6. ഓൺലൈൻ ജനറൽ ട്രാൻസ്ഫറിന് അപേക്ഷ കൊടുക്കുകയും കരട് ലിസ്റ്റിൽ പേര് വരികയും ചെയ്ത ശേഷം പിന്നീട് അന്തിമ ഉത്തരവ് വരുമ്പോൾ ചില ജീവനക്കാരെ മാത്രം അതാത് സ്ഥാപനങ്ങളിൽ നിലനിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുസ്ഥലമാറ്റത്തിന് അപേക്ഷ കൊടുത്ത് കരട് ലിസ്റ്റിൽ പേര് വന്ന ഉദ്യോഗസ്ഥനെ വീണ്ടും അതേ സ്ഥാപനത്തിൽ നിലനിർത്തുന്നത് ഓൺലൈൻ ജനറൽ ട്രാൻസ്ഫറിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്നതാണ്.

പതിനായിരക്കണക്കിന് ജീവനക്കാർ സേവനം അനുഷ്ഠിച്ച വരുന്ന സംസ്ഥാനത്തെ മറ്റു പല വകുപ്പുകളും ഓൺലൈൻ വഴിയുള്ള സ്ഥലംമാറ്റം കൃത്യസമയത്ത് നടപ്പിലാക്കിയിട്ടും, സാങ്കേതിക വിദ്യ നൈപുണ്യമുള്ളവരായ യുവതലമുറയെ വാർത്തെടുക്കുന്നതും, 3000ത്തിൽ പരം ജീവനക്കാർ മാത്രമുള്ളതുമായ വ്യാവസായിക പരിശീലന വകുപ്പ്, പൊതുസ്ഥലം മാറ്റം ഓൺലൈൻ വഴി നടപ്പിലാക്കാൻ വൈകുന്നതിന് യാതൊരു ന്യായീകരണവും ഇല്ല എന്നും ആയതിനാൽ നിലവിലെ ഉത്തരവുകളും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതാണ് എന്നും സവിനയം അഭ്യർത്ഥിക്കുന്നു.

മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകളിൽ വകുപ്പ് വരുത്തിയത് കോടതി ഉത്തരവിന്റെയും പരസ്യമായ സർക്കാർ ഉത്തരവുകളുടെയും ലംഘനമാണെന്നും കൃത്യവിലോപമാണെന്നും ധരിപ്പിച്ചുകൊള്ളട്ടെ.ആയതിന്മേൽ കൃത്യമായ നടപടികൾ സ്വീകരിക്കണമെന്നും വകുപ്പിൽ ഓൺലൈൻ ജനറൽ ട്രാൻസ്ഫർ എല്ലാവർഷവും ഏപ്രിൽ 30ന് മുൻപ് പൂർത്തീകരിക്കുന്നതിന് അങ്ങയുടെ ഇടപെടൽ ഉണ്ടാവണമെന്നും ടി.വിഷയവുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. കൂടാതെ, അടിയന്തിരമായി

പൊതുസ്ഥലമാറ്റത്തിനുള്ള മാർഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി എല്ലാവർഷവും ഒരു മുൻഗണന പട്ടിക തയ്യാറാക്കണമെന്നും അടുത്ത പൊതു സ്ഥലം മാറ്റത്തിനുള്ള പട്ടിക നിലവിൽ വരുന്നതുവരെ വകുപ്പിലെ എല്ലാ സ്ഥലം മാറ്റങ്ങളും ഈ ക്യൂ ലിസ്റ്റ് പ്രകാരം മാത്രം നടപ്പിലാക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

28/10/2024
തിരുവനന്തപുരം

ITD INSTRUCTOR'S ORGANIZATION
KERALA

ANTONY JOSEPH
ജനറൽ സെക്രട്ടറി,
ITDIO സംസ്ഥാന കമ്മിറ്റി

"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ.തിരുവനന്തപുരം

നമ്പർ:ഡി.റ്റി 3898/2023-എ6 തീയതി: 14-08-2023

പ്രേഷിതൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ

സ്വീകർത്താവ്

ശ്രീ. ശ്രീകുമാർ.കെ.പി

ടി.സി 17/1155/1 , പദ്മവിഹാർ , പാങ്ങോട്

തിരുമല - 695006 , തിരുവനന്തപുരം

സർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - വിവരാവകാശ നിയമം 2005- മറുപടി ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- താങ്കൾ സർക്കാരിൽ സമർപ്പിച്ച് 01.08.2023 തീയതിയിൽ ഈ കാര്യാലയത്തിൽ ലഭ്യമായ വിവരാവകാശ

.........

മേൽ സൂചന പ്രകാരം താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചോദ്യം 1 മറുപടി : 01.09.2022 തീയതിക്ക് ശേഷം വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടത്തണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്പാർക്ക് വഴി ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ച് ട്രാൻസ്ഫർ നടത്താൻ ഉള്ള നടപടികൾ ആരംഭിച്ചിരുന്നു. 01.09.2022 തീയതി മുതൽ വകുപ്പിൽ ഉറന്ന ഒഴിവിൽ സ്ഥാനക്കയറ്റ നിയമനം മാത്രമാണ് നടത്തിയിട്ടുള്ളത്. ടി തീയതിക്ക് ശേഷം സ്ഥാനക്കയറ്റ നിയമനം ഉറന്ന ഒഴിവുകളിൽ നടത്തിയിട്ടുള്ള തസ്തികകളിൽ ഓൺലൈൻ വഴി സ്ഥലമാറ്റം അപേക്ഷ ക്ഷണിച്ച് മാന്വൽ ആയി ആണ് കരട് പട്ടിക പ്രസിദ്ധീകരിചിട്ടുള്ളത്. പ്രിൻസിപ്പാൾ ക്ലാസ്സ്-2 തസ്തികയിലും അപ്രകാരം ആണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

ചോദ്യം 2 മറുപടി : ചോദ്യം (1) ന്റെ മറുപടി കാണുക.

ചോദ്യം 3 മറുപടി : അപേക്ഷ നൽകിയവരുടെ വിവരങ്ങൾ അടങ്ങിയതാണ് കരട് പട്ടിക. ആയതു വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. https://det.kerala.gov.in/images/ES%20&%20Training/Principal_Class_II.pdf എന്ന ലിങ്കിൽ വിവരങ്ങൾ ലഭ്യമാണ്. അവരുടെ സീനിയോറിറ്റി കണക്കാക്കി ആണ് കരട് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതു വകുപ്പിന്റെ വെബ്സൈറ്റിൽ

https: det.kerala.gov.in/images/ES%20&%20Training/Principal_Class_II.pdf എന്ന ലിങ്കിൽ പരിശോധിക്കാവുന്നതാണ്.

ചോദ്യം 4 : മറുപടി : പ്രിൻസിപ്പാൾ ക്ലാസ്സ്-2 തസ്തികയിൽ സ്പാർക്ക് മുഖേനയല്ലാതെ ആണ് കരട് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

ചോദ്യം 5 : മറുപടി : ചോദ്യം 4 -ന്റെ മറുപടി കാണുക

ചോദ്യം 6 : മറുപടി : 01.09.2022 തീയതി മുതൽ വകുപ്പിൽ ഉറന്ന ഒഴിവിൽ സ്ഥാനക്കയറ്റ നിയമനം മാത്രമാണ് നടത്തിയിട്ടുള്ളത്. ടി തീയതിക്ക് ശേഷം സ്ഥാനക്കയറ്റ നിയമനം ഉറന്ന ഒഴിവുകളിൽ നടത്തിയിട്ടുള്ള തസ്തികകളിൽ ഓൺലൈൻ വഴി സ്ഥലമാറ്റം അപേക്ഷ ക്ഷണിച്ച് മാന്വൽ ആയി ആണ് കരട് പട്ടിക പ്രസിദ്ധീകരിചിട്ടുള്ളത്. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ അത്തരത്തിൽ ആണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

ചോദ്യം 7 : മറുപടി : 0070-60-118-99 എന്ന ശീർഷകത്തിൽ പേജ് ഒന്നിന് 3/- രൂപ നിരക്കിൽ ആകെ 27/- രൂപ അടച്ച് പകർപ്പ് കൈപ്പറ്റാവുന്നതാണ്

ചോദ്യം 8 : മറുപടി :ഫയലിൽ സെക്ഷൻ ക്ലാർക്ക് , സീനിയർ സൂപ്രണ്ട് , ജോയിന്റ് ഡയറക്ടർ . എന്നിവർ കുറിപ്പുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം , സ്ഥലമാറ്റം എന്നിവ നടത്താൻ അധികാരപ്പെട്ട ജോയിന്റ് ഡയറക്ടർ ആണ് ശ്രീ. ശ്രീകുമാരൻ .ആർ , ഗ്രൂപ്പ് ഇൻസ്ട്രക്ടറുടെ സ്ഥലമാറ്റം നടത്തിയിട്ടുള്ളത് .

വിശ്വസ്തതയോടെ

രതീശൻ .സി

സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ ,

വ്യാവസായിക പരിശീലന വകുപ്പ്

ട്രെയിനിംഗ് ഡയറക്ടറേറ്റ് , തൊഴിൽ ഭവൻ 4,5 നിലകൾ വികാസ് ഭവൻ പി.ഒ , തിരുവനന്തപുരം - 33

Signed by Retheesan.c
Date: 14-08-2023 11:42:34
Reason: Approved

DIRECTORATE OF TRAINING ... COMPLEX, VIKAS BHAVAN